# അല്ലാഹുവിന്റെ സഹായവും നബിമാരുടെ വിജയവും

إِنَّا لَنَنصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ ﴿٥٢﴾

**അ**ല്ലാഹു തന്റെ നബിമാരെ ലോകത്തിലേക്ക് അയക്കുമ്പോൾ, ജീവിതത്തിന്റെ ഓരോ നിമിഷത്തിലും, ഓരോ തിരിവിലും അവരെ സഹായിക്കുമെന്നുള്ള ദൃഢവിശ്വാസം അവരുടെ ഹൃദയത്തിൽ അവൻ ജനിപ്പിക്കുന്നു. അല്ലാഹു സഹായിക്കുമെന്നുള്ള ഈ ദൃഢവിശ്വാസം തന്നെയാണ്, അവരെ തവക്കുൽ അഥവാ സർവ്വവും അല്ലാഹുവിൽ സമർപ്പിക്കുന്നതിന് പ്രചോദനം നല്കുന്നത്. ഏതേതെല്ലാം നബിമാരുടെ ചരിത്രം നമ്മുടെ മുമ്പിലുണ്ടോ, അതിന്റെയെല്ലാം ആത്മീയപ്രയാണം നമുക്ക് നബി (സ) തിരുമേനിയുടെ ജീവിതത്തിൽ കാണാൻ കഴിയുന്നു. അല്ലാഹു ഈ പ്രത്യേക ദാസർക്ക് തന്റെ സഹായം ചെയ്തുകൊണ്ട് ഏതെതെല്ലാം വിധത്തിലുള്ള കഠിനതരവും വിഷമകരവുമായ അവസ്ഥയിൽ നിന്നും സ്ഥലങ്ങളിൽനിന്നുമാണ് അവരെ രക്ഷിച്ചു പുറത്തുകൊണ്ടുവന്നതെന്ന് നാം കാണുന്നു. ഇതിനുശേഷം അല്ലാഹുവിന്റെ ഈ സഹായം നബിമാരുടെ കാലത്ത് അവരുടെ ജീവിതത്തിൽ അവരെ വിശ്വസിക്കുന്നവരിലും അവർ കൊണ്ടുവന്ന അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരിലും നമുക്ക് ദർശിക്കാം. ആ നബിമാർക്കുശേഷം, അവർ കൊണ്ടുവന്ന അദ്ധ്യാപനങ്ങളുമായി പറ്റിച്ചേർന്നിരിക്കുന്നവരും ഈ സഹായത്തിന്റെ കാഴ്ചകൾ കാണുന്നു. ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ സവിശേഷഗുണങ്ങളിലും അനുഗ്രഹങ്ങളിലും ഭാഗഭാക്കാകുന്നതിനുള്ള മിഅ്റാജ് അഥവാ കോണിപ്പടി നബി (സ) തിരുമേനിയുടെ അനുഗ്രഹീത വ്യക്തിത്വമാണ്. നബി(സ) തിരുമേനിയിലുള്ള വിശ്വാസവും അവിടത്തെ അദ്ധ്യാപനങ്ങളനുസരിച്ചുള്ള തികവാർന്ന കർമ്മവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളും സഹായങ്ങളും ലഭിക്കാൻ കാരണമാവുകയും ഈ പാഠങ്ങളനുസരിച്ച് ജീവിക്കുന്നവരുടെ ദുൻയാവും ആഖിറത്തും ഒരുക്കുകയും ചെയ്യുന്നു. നബി(സ) തിരുമേനിയോടും സത്യവിശ്വാസികളോടുമുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണിത്.

ഞാനോതിയ വചനത്തിൽ അല്ലാഹു ഇതുതന്നെയാണ് പറയുന്നത്. "തീർച്ചയായും നാം നമ്മുടെ ദൂതന്മാരേയും വിശ്വസിച്ചവരേയും ഐഹികജീവിതത്തിലും, സാക്ഷികൾ എഴുന്നേല്ക്കുന്ന നാളിലും സഹായിക്കുന്നതാണ്." (*40:52*)

അല്ലാഹുതആല ഇതിനുപുറമേയും ഒരുപാട് വചനങ്ങളിൽ നാസിർ, നസീർ എന്ന തന്റെ സവിശേഷഗുണങ്ങൾ വിവിധ വശങ്ങളിലൂടെ വിവിധ വിഷയങ്ങളോടൊപ്പം വിവരിച്ചിട്ടുണ്ട്. അല്ലാഹു റസൂലിനോടും മുഅ്മിനീങ്ങളോടും സഹായം വാഗ്ദാനം ചെയ്തു. അതിന്റെ ഒരുദാഹരണം ഞാനോതിയ വചനങ്ങളിൽ നമ്മൾ കണ്ടുകഴിഞ്ഞു. എങ്ങനെയാണ് അല്ലാഹു സഹായിച്ചതെന്നും ഏതാളുകളെയാണ് സഹായിച്ചതെന്നും ഏതനുഗ്രഹത്തോടുകൂടിയാണ് സഹായിച്ചതെന്നും ഏതുതരം വിവിധ അവസ്ഥകളിലാണ് സഹായിച്ചതെന്നും നമുക്ക് കാണാം. ഇതുപോലുള്ള നിരവധി വിഷയങ്ങളുണ്ട്. അല്ലാഹുവിന്റെ ഈ സിഫത്ത് അഥവാ സവിശേഷഗുണത്തെ പ്രതിപാദിച്ചുകൊണ്ട് ചില ഖുർആനികവചനങ്ങൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കാൻ ഞാൻ ഇന്ന് ശ്രമിക്കുന്നതാണ്.

നാം നിഘണ്ടു പരിശോധിക്കുകയാണെങ്കിൽ, നസ്ർ, നസറ, നാസിർ എന്നീ പദങ്ങൾ വളരെ വിശാലമായ അർത്ഥം ഉൾക്കൊള്ളുന്നതാണെന്ന് കാണാം. ഉദാഹരണത്തിന് അന്നസ്ർ എന്നതിന്റെ അർത്ഥം സഹായി, മഴ എന്നും നുസ്റത്ത് എന്നതിന്റെ അർത്ഥം സഹായം, ഉത്തമമായ സഹായം, മഴ എന്നുമാണ്.

അല്ലാഹു നാസിർ ആകുമ്പോൾ, സഹായം ചെയ്യുമ്പോൾ, അത് ഒരു സാധാരണമനുഷ്യന്റെ ചിന്തപോലെയുള്ള സഹായം ആയിരിക്കുകയില്ല. മറിച്ച്, അവന്റെ സഹായം ഒരു പോരായ്മയും ഇല്ലാത്ത, പൂർണ്ണവും തികവുറ്റതും ജീവൻ പ്രദാനം ചെയ്യുന്നതും മഴപോലെ പെയ്യുന്നതുമായ സഹായമായിരിക്കും. ഈ സഹായത്തിന്നെതിരിൽ, ഒരു എതി

രാളിക്കും പിടിച്ചുനില്ക്കാൻ പറ്റില്ല. എന്നാൽ ഈ സഹായം കരസ്ഥമാക്കുന്നതിന് അല്ലാഹുവിന്റെ നിഷ്ക്കളങ്കരായ ദാസരാവേണ്ടതും, നബിമാർ ആഗ്രഹിക്കുന്ന അവസ്ഥ സൃഷ്ടിക്കേണ്ടതും നിർബന്ധമാണ്. നബി(സ) തിരുമേനിക്കുശേഷം അവിടന്ന് മുഖേനയാണ് ഈ സഹായം കിട്ടേണ്ടതെന്ന് നമുക്കു പറയാൻ കഴിയും. ആ അവസ്ഥ കരസ്ഥമാക്കുന്നതിന് അവിടന്ന് നമ്മളിൽ ഉണ്ടാക്കിയെടുക്കാൻ ആഗ്രഹിച്ച അവസ്ഥ സൃഷ്ടിക്കാൻ നാം ശ്രമിക്കേണ്ടതാണ്. അല്ലാഹു ഇസ്ലാം പോലുള്ള നിഅ്മത്ത് നല്കി അനുഗ്രഹിച്ചിരിക്കുന്ന നാം ഭാഗ്യവാന്മാരാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം നാം ബാഹ്യമായി നബി(സ) തിരുമേനിയുടേയും അല്ലാഹുവിന്റേയും എല്ലാ കല്പനകളും പൂർത്തിയാക്കിയിരിക്കുകയാണ്. ഇനി അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവൻ സഹായിക്കുന്നവരിലോ സഹായിക്കുമെന്ന് വാഗ്ദാനം ചെയ്തവരിലോ നാം തീർച്ചയായും ഉൾപ്പെടേണ്ടതുണ്ട്. അതിനാൽ ***അല്ലാഹുവിന്റെ സഹായവും തുണയും കൊണ്ട് നമ്മളിൽ ആ അവസ്ഥ ഉണ്ടായിട്ടുണ്ടോ എന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്.*** ഓരോ നിമിഷവും അല്ലാഹുവിന്റെ സഹായവും തുണയും നമ്മളിൽ വർഷിക്കുന്നുണ്ടോ? വർഷിച്ചുകൊണ്ടിരിക്കുന്നുണ്ടോ? എല്ലായിടത്തും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ഹൃദയത്തെ ആകർഷിക്കുന്ന പച്ചപ്പുള്ളതുമായ മാറ്റം നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന സഹായം നമുക്ക് ലഭിക്കുന്നുണ്ടോ? കാരണം അല്ലാഹു തന്നെ വിശ്വസിക്കുന്നവരോട് പറഞ്ഞത് ഈ ലോകത്തും പരലോകത്തും അവൻ അവരുടെ സഹായി ആയിരിക്കുമെന്നാണ്. നമ്മുടെ അവയവങ്ങളും അന്നാളിൽ സാക്ഷി പറയുന്നതാണ്. അവിടെ ഒരുതരത്തിലുള്ള വ്യാജവിശദീകരണവും വിലപ്പോവുകയില്ല. അന്നാളിൽ യാഥാർത്ഥ്യം വിവരിക്കുന്ന സാക്ഷികളായിരിക്കും ഉണ്ടാകുക. ശരിയായ നിലയിൽ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരോടാണ് അല്ലാഹു സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്. ആ സമയത്ത് അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഓരോരുത്തർക്കും പൊറുത്തു കൊടുക്കുന്നതാണ്. തന്റെ പൊറുക്കലിന്റെ ചാദുറിൽ പൊതിയുന്നതാണ്. ജമാഅത്തെന്ന നിലയിൽ അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് സഹായം ചെയ്തുകൊണ്ടിരിക്കുന്നു. എന്നുമാത്രമല്ല വ്യക്തിഗതമായ നിലയിലും അല്ലാഹു പറഞ്ഞതനുസരിച്ച് ജീവിച്ച് അല്ലാഹുവിന്റെ സഹായം ആകർഷിച്ചെടുക്കാൻ ശ്രമിക്കേണ്ടതാണ്.

സമ്പൂർണ്ണ വിശ്വാസികളെ ദുൻയാവിലും ആഖിറത്തിലും സഹായിക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനത്തിൽനിന്നും സുവാർത്തയിൽനിന്നും ഫലമെടുക്കേണ്ടതാണ്. ഇന്ന് അല്ലാഹുവിന്റെ സഹായവാഗ്ദാനത്തിന്റെ യഥാർത്ഥ സംബോധിതരും പ്രതീകങ്ങളും അഹ്മദികൾ മാത്രമാണ്. ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കാത്ത മറ്റു മുസ്ലിംകൾ, സ്വയം ഈ സുവാർത്തകളിൽനിന്ന് തങ്ങളെ പുറത്താക്കിക്കൊണ്ടിരിക്കുന്നു. കാരണം അവർ നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരാണെന്ന വാദം നിലനില്ക്കെത്തന്നെ അവിടത്തെ ചില കല്പനകളനുസരിച്ച് പ്രവർത്തിച്ചില്ല. പ്രവചനങ്ങളുടെ പുലർച്ചയെ സത്യപ്പെടുത്തിയില്ല. ഇക്കാരണത്താൽ പൊതുവായ നിലയിൽ ഇന്ന് നാം അല്ലാഹുവിന്റെ സഹായവും തുണയും അവന്റെ വാഗ്ദാനമനുസരിച്ച് മുസ്ലിംകളിൽ പൂർത്തിയാകുന്നത് കാണുന്നില്ല. ഈ അഭിപ്രായം തെറ്റാണെന്നും മുസ്ലിംകളുടെ നിലവിലുള്ള അവസ്ഥയും മസീഹ് മൗഊദ്(അ)നെ നിഷേധിച്ചതുമായി ഒരു ബന്ധവുമില്ലെന്നും ആരെങ്കിലും പറഞ്ഞാൽ, അല്ലാഹുപറഞ്ഞ സഹായത്തിന്റെ വാഗ്ദാനം അവരിൽ പുലർന്നുകൊണ്ടിരിക്കുന്നത് അവർ ഒന്നു കാണിച്ചുതരട്ടെ. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം കളവാകുകയില്ല. എന്തെങ്കിലും കുറവോ ക്ഷീണമോ ഉണ്ടെങ്കിൽ അത് മുസ്ലിംകളുടെ ഈമാനിക അവസ്ഥയിലാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സഹായവും തുണയും ഈ ലോകത്ത് കാണുന്നതിനുവേണ്ടി അടുത്തലോകത്ത് സാക്ഷികൾ എഴുന്നേറ്റുനില്ക്കുന്നതിനു മുമ്പേ ഈ മുഹമ്മദീ മസീഹിനെ വിശ്വസിക്കുക. അദ്ദേഹത്തിന്റെ പ്രഥമ സംബോധിതർ മുസ്ലിംകളാണ്. മുസ്ലിംകൾ അദ്ദേഹത്തെ വിശ്വസിച്ചതിനുശേഷം അല്ലാഹുവിന്റെ സഹായവും തുണയും അവർക്ക് ഏതുരീതിയിലാണുണ്ടാകുന്നതെന്ന് നോക്കിക്കാണുക. ഇന്ന് മുസ്ലിംകളിൽ പൊതുവെ കാണുന്ന ക്ഷീണത്തിനു കാരണം മസീഹ് മൗഊദ്(അ)നെ നിഷേധിച്ചതാണ്. ഇല്ലെങ്കിൽ, കഴിഞ്ഞുകടന്ന നബിമാരോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ അവൻ അവർക്ക് പൂർത്തിയാക്കിക്കൊടുക്കുകയും, എന്നാൽ എല്ലാ നബിമാരുടേയും നേതാവായ നബി(സ) തിരുമേനി– അദ്ദേഹത്തെക്കുറിച്ച് അല്ലാഹു പറഞ്ഞത് നിന്നെ സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ ഈ പ്രപഞ്ചം ഞാൻ സൃഷ്ടിക്കുമായിരുന്നില്ല എന്നാണ്– യോട് അല്ലാഹു ചെയ്ത വാഗ്ദാനം പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ?

മുസ്ലിം ഉമ്മത്തിനോടുള്ള സ്നേഹം കൊണ്ട് വളരെ വിനീതമായി നാം പറയുകയാണ്, പറഞ്ഞു

കൊണ്ടിരിക്കുകയും ചെയ്യും, നിങ്ങൾ ചിന്തിക്കുക. ആലോചിക്കുക. മുസ്‌ലിം രാഷ്ട്രങ്ങളിൽ, അഹ്മദി യ്യത്തിനേയും കാലത്തിന്റെ ഇമാമിനേയും എതിർക്കു ന്നതിനു പകരം, എപ്പോഴും അല്ലാഹു മുസ്‌ലിംകളെ സഹായിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ സഹാ യികളായിത്തീരുക. അദ്ദേഹത്തിൽ വിശ്വസിക്കുക. നബി(സ) തിരുമേനിയുടെ പ്രവചനത്തെ പൂർത്തി യാക്കുക. ഇന്ന് അല്ലാഹുവിന്റെ ഈ വാഗ്ദാനം യഥാർത്ഥമായനിലയിൽ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുകയും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കു കയും ചെയ്യുന്ന സത്യവിശ്വാസികളുടെ ജമാഅത്തി ലാണ് പൂർത്തിയാകുന്നതെന്ന് നമുക്ക് പറയാൻ കഴി യും. ജമാഅത്തെന്ന നിലയിൽ ഓരോ ദിവസവും പ്രൗഢിയോടെ നാം ഇത് കണ്ടുവരുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും അല്ലാഹുവിന്റെ അനുഗ്രഹം കൂടുതൽ കരസ്ഥമാക്കാൻ ഹസ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ സന്ദേശത്തെ ആദ്യത്തേക്കാളുപരി ലോക ത്തിന് എത്തിച്ചുകൊടുക്കാൻ ശ്രമിക്കേണ്ടതാണ്. കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നില്ലെങ്കിൽ, ഈ ലോകത്ത് അല്ലാഹുവിന്റെ സഹായം ലഭിക്കാ തെവരും. പരലോകത്തും അല്ലാഹുവിന്റെ ഈ താക്കീ തനുസരിച്ച്, നബിയും മലക്കുമെല്ലാം സാക്ഷികളായി എഴുന്നേറ്റുനില്ക്കും. ഞാൻ പറഞ്ഞതുപോലെ ശരീ രാവയവങ്ങളും സാക്ഷികളായി എഴുന്നേറ്റുനില്ക്കു ന്നതാണ്. സത്യസന്ദേശം എത്തിയിട്ടും, മസീഹ് മൗഊദ്(അ)ന്റെ വാദം കേട്ടിട്ടും നിങ്ങൾ നിഷേധി ച്ചുവെന്നു മാത്രമല്ല, മറിച്ച് എതിർക്കുകയും ചെയ്തു. മുൻകഴിഞ്ഞ ചില പ്രവാചകന്മാരെ അവരുടെ ശത്രു ക്കൾ എതിർത്തിരുന്നതുപോലെ അവർ ശക്തമായി എതിർത്തു. ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിലും അക്ര മങ്ങളുണ്ടായി. ഇന്നും അക്രമങ്ങൾ നടന്നുകൊണ്ടി രിക്കുന്നു. പക്ഷേ, ഈ എതിർപ്പുകൊണ്ട് ജമാഅ ത്തിന് ഒരിക്കലും നഷ്ടമുണ്ടായില്ല. മറിച്ച്, ഓരോ അവ സരത്തിലും നാം കണ്ടത് അല്ലാഹുവിന്റെ പിന്തു ണയും സഹായവുമാണ്. അത് അല്ലാഹു ആദ്യത്തെ ക്കാളുപരി നമുക്ക് കാണിച്ചുതന്നു. എതിർപ്പിന്റെ ശക്തമായ എല്ലാ പൊടിക്കാറ്റും ജമാഅത്തിനെ കൂടു തൽ ഉയർന്നനിലയിലേക്കെത്തിച്ചു. നമ്മൾ ഒരു ഭര ണകൂടത്തിന്മേലും സംഘടനയുടെമേലും നമ്മെ സമർപ്പിക്കുന്നില്ല. സഹായവും നമ്മൾ അവരോട് ചോദിക്കുന്നില്ല. നമ്മൾ എപ്പോഴും അല്ലാഹുവിനോ ടാണ് സഹായം തേടിവരുന്നത്. ചില സംഘടനക ളേയും, ചിലരുടെ പ്രവർത്തനങ്ങളേയും കുറിച്ച് നാം ലോകത്തോട് പറയുന്നത് അവരെ പരിചയപ്പെടുത്തു ന്നതിനു വേണ്ടിയാണ്. പക്ഷേ, ഇവർ നമ്മുടെ സഹാ യികളാണെന്ന് നമ്മൾ ഒരിക്കലും കരുതിയിട്ടില്ല.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "***ഇന്നാ ലനൻസുറു റുസുലനാ വല്ലദീന ആമനൂ ഫിൽ ഹയാത്തിദ്ദുൻയാ*** എന്നത് അല്ലാഹുവിന്റെ സുദൃഢവും അചഞ്ചലവുമായ വാഗ്ദാനമാണ്. അല്ലാഹു സഹായം ചെയ്യാൻ തോന്നിപ്പിച്ചില്ലെങ്കിൽ ആർക്കാണ് സഹായിക്കാൻ കഴിയുക? യഥാർത്ഥ മെന്താണെന്നുവെച്ചാൽ, യഥാർത്ഥ സഹായി അവൻ മാത്രമാണ്. അവന്റെ പ്രൗഢിയാണ്. ***നിഅ്മൽമൗലാ വനിഅ്മൽവക്കീൽ വന്നിഅ്മന്നസ്വീർ***. ലോകവും ലോകത്തിന്റെ സഹായവും അവരുടെ മുമ്പിൽ ഒരു മൃതശരീരമാണ്. മൃതശരീരത്തിന് ഒരു കീടത്തിന്റെ വിലപോലുമില്ല. ഇതാണ് അല്ലാഹുവിന്റെ സഹായ ത്തെക്കുറിച്ചുള്ള നമ്മുടെ ഭാവന. നമ്മുടെ അധ്യാപ നം. ഇതനുസരിച്ചാണ് നാം പ്രവർത്തിക്കുന്നത്."

ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ സവിശേഷഗുണമാണ് നാസിർ, നസീർ എന്നത്. ഇനി ഞാൻ നബിമാരുടെ വിഷമസ മയത്ത് അല്ലാഹു അവരെ സഹായിച്ച കാര്യവും ശത്രുക്കൾക്കെതിരിൽ അവരെ സഹായിച്ച കാര്യവും വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത് വിവരിക്കുക യാണ്.

ഹസ്റത്ത് നൂഹ്(അ) ദുആ ചെയ്തപ്പോൾ അല്ലാഹു എങ്ങനെയാണ് അത് സ്വീകരിച്ചത്. അക്ര മികളിൽനിന്ന് എങ്ങനെയാണ് രക്ഷിച്ചത്. ഇതിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു:

وَنُوحًا إِذْ نَادَىٰ مِن قَبْلُ فَاسْتَجَبْنَا لَهُ فَنَجَّيْنَاهُ
وَأَهْلَهُ مِنَ الْكَرْبِ الْعَظِيمِ ۝
وَنَصَرْنَاهُ مِنَ الْقَوْمِ الَّذِينَ كَذَّبُوا بِآيَاتِنَا
إِنَّهُمْ كَانُوا قَوْمَ سَوْءٍ فَأَغْرَقْنَاهُمْ أَجْمَعِينَ ۝

നൂഹിനേയും ഓർക്കുക. അദ്ദേഹം ഇതിനു മുമ്പേ പ്രാർത്ഥിച്ചപ്പോൾ നാം അദ്ദേഹത്തിന്റെ പ്രാർത്ഥന യ്ക്കുത്തരം നല്കി. അങ്ങനെ നാം അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കുടുംബത്തേയും ആ വലിയ പരി ഭ്രമത്തിൽനിന്നും രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്ത ങ്ങളെ നിഷേധിച്ച ജനങ്ങൾക്കെതിരായി നാം അദ്ദേ ഹത്തെ സഹായിച്ചു. തീർച്ചയായും അവർ ഒരു ദുർജ്ജ നമായിരുന്നു. അതിനാൽ നാം അവരെയെല്ലാവ രേയും മുക്കിക്കൊന്നു. (*21:77–78*)

അല്ലാഹു ഹസ്റത്ത് നൂഹ് നബി(അ)യെ രക്ഷിക്കുകയും ശത്രുക്കളെ വെള്ളത്തിൽ മുക്കിക്കൊല്ലുകയും ചെയ്തതുപോലുള്ള സംഭവങ്ങൾ ഇക്കാലഘട്ടത്തിലും നാം കാണുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നും അല്ലാഹു പ്ലേഗിന്റെ അടയാളം കൊടുത്തുകൊണ്ട് പറഞ്ഞു:

وَاصْنَعِ الْفُلْكَ بِأَعْيُنِنَا وَوَحْيِنَا إِنَّ الَّذِينَ يُبَايِعُونَكَ إِنَّمَا يُبَايِعُونَ اللّٰهَ يَدُ اللّٰهِ فَوْقَ أَيْدِيهِمْ۔

“നമ്മുടെ കണ്മുമ്പിലും നമ്മുടെ കല്പനയാലും നീ കപ്പൽ പണിയുക. നിന്നോടു അനുസരണപ്രതിജ്ഞ ചെയ്യുന്നവർ തീർച്ചയായും അല്ലാഹുവിനോടാണ് അനുസരണപ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കുമേലുണ്ട്.”

ഈ ഖുർആനികവചനം ഇൽഹാമായി ഇറങ്ങിയപ്പോൾ അവിടന്ന് കശ്തിനൂഹ് എന്ന ഗ്രന്ഥം രചിച്ചു. അതിൽ തന്റെ അദ്ധ്യാപനങ്ങൾ വിവരിച്ചു. അതായത് ആരാണോ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നത് അവർ സുരക്ഷിതരായിരിക്കുമെന്ന്. അതുപോലെതന്നെ, ആരാണോ തന്റെ വീട്ടിൽ അഭയം തേടുന്നത് അവർ സുരക്ഷിതരായിരിക്കുമെന്നും പറഞ്ഞു. ഈ സഹായവാഗ്ദാനം അല്ലാഹുവിന്റേതായിരുന്നു. അങ്ങനെ പകർച്ചവ്യാധി പടർന്നുപിടിച്ചു. അഹ്മദികൾ സുരക്ഷിതരായിരുന്നത് ലോകം കണ്ടു. വളരെ പ്രൗഢിയോടെ ഈ വാഗ്ദാനം പൂർത്തിയായി. ഇൽഹാം പുലർന്നു. ഇപ്രകാരംതന്നെ വേറെയും ഒരുപാട് അടയാളങ്ങൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റേതായിട്ടുണ്ട്. അല്ലാഹു സഹായിക്കുകയും തുണയ്ക്കുകയും ചെയ്ത നിരവധി സംഭവങ്ങളുമുണ്ട്. പക്ഷേ, ഈ അവസരത്തിൽ വിശുദ്ധ ഖുർആനിൽ പറഞ്ഞ സംഭവത്തെക്കുറിച്ചു മാത്രമേ ഞാൻ പറയാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇൻശാഅല്ലാഹ് ബാക്കികാര്യങ്ങൾ തുടർന്നും പറയുന്നതാണ്.

ഹസ്റത്ത് ഇബ്റാഹീം(അ)ന്റെ സംഭവം ഖുർആൻ പറയുന്നു. എതിരാളികൾ അദ്ദേഹത്തെ അഗ്നിയിലിട്ട് കത്തിക്കാൻ ശ്രമിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ എങ്ങനെയാണ് സഹായിച്ചത്. എതിരാളികളുടെ എല്ലാ കുതന്ത്രങ്ങളും പരാജയപ്പെട്ടു. അല്ലാഹു പറയുന്നു:

قَالُوا حَرِّقُوهُ وَانْصُرُوا آلِهَتَكُمْ إِنْ كُنْتُمْ فَاعِلِينَ ﴿٦٩﴾
قُلْنَا يَا نَارُ كُونِي بَرْدًا وَسَلَامًا عَلَىٰ إِبْرَاهِيمَ ﴿٧٠﴾
وَأَرَادُوا بِهِ كَيْدًا فَجَعَلْنَاهُمُ الْأَخْسَرِينَ ﴿٧١﴾

അവർ പറഞ്ഞു: നിങ്ങൾ വല്ലതും ചെയ്യാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ഇവനെ ചുട്ടെരിച്ച് നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുക. നാം പറഞ്ഞു. ഏ, അഗ്നീ! നീ ഇബ്റാഹീമിനുവേണ്ടി തണുക്കുകയും രക്ഷയാവുകയും ചെയ്യുക. അവർ അദ്ദേഹത്തോട് ഒരു ഗൂഢതന്ത്രം പ്രവർത്തിക്കാൻ ഉദ്ദേശിച്ചു. അപ്പോൾ നാം അവരെ അപ്പാടെ പരാജിതരാക്കി. (*21:69–71*)

പിന്നീട് ഹസ്റത്ത് മൂസാനബി(അ)യെ കുറിച്ച് പറയുന്നു:

وَلَقَدْ مَنَنَّا عَلَىٰ مُوسَىٰ وَهَارُونَ ﴿١١٥﴾
وَنَجَّيْنَاهُمَا وَقَوْمَهُمَا مِنَ الْكَرْبِ الْعَظِيمِ ﴿١١٦﴾
وَنَصَرْنَاهُمْ فَكَانُوا هُمُ الْغَالِبِينَ ﴿١١٧﴾

തീർച്ചയായും മൂസായ്ക്കും ഹാറൂനും നാം ഔദാര്യം ചെയ്തുകൊടുത്തു. അവരിരുവരേയും അവരുടെ ജനതയേയും ആ വലിയ ക്ലേശത്തിൽ നിന്ന് നാം രക്ഷപ്പെടുത്തി. നാം അവരെ സഹായിച്ചു. അപ്പോൾ അവർ വിജയികളായിത്തീർന്നു. (*37:115–117*)

ഫിർഔനിനെതിരിൽ എങ്ങനെയാണ് അല്ലാഹു മൂസായ്ക്ക് വിജയം നല്കിയതെന്ന് നോക്കുക. അതിന്റെ വിശദീകരണത്തിലേക്ക് പോകാൻ ഇപ്പോൾ സമയമില്ല. അത് വേറിട്ടൊരു വിഷയം തന്നെയാണ്. എന്നാൽ, അല്ലാഹുവിന്റെ സഹായാടയാളങ്ങൾ കാണുമ്പോൾ നാം അത്ഭുതപ്പെട്ടുപോകുന്നു. ഇവിടെ ഞാൻ പറയുന്നത്, ഇന്ന് മുസ്ലിംകൾ ഇന്നയാൾ ഫിർഔനാണ് ഇന്നയാൾ ഫിർഔനാണ് എന്ന് മുദ്രാവാക്യം മുഴക്കുന്നു. ഈ സംഭവങ്ങൾ അല്ലാഹു വിവരിച്ചിട്ടുള്ളത്, ഖാത്തമുന്നബിയ്യീൻ(സ)യുടെ ഉമ്മത്തിനേയും ഈ കാഴ്ചകൾ കാണിക്കുമെന്നുള്ളതുകൊണ്ടാണ്. അതിനുള്ള നിബന്ധന അവർ ആ പാഠമനുസരിച്ച് പ്രവർത്തിക്കുന്നവരാകണം എന്നതാണ്. അപ്പോൾ ഫിർഔൻ ജനിച്ചാൽതന്നെ അവൻ നശിപ്പിക്കപ്പെടും. ഇന്ന് ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കാഴ്ചകൾ നേരിൽ കാണുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാത്ത മുസ്ലിംകളും ഈ കാഴ്ച കാണാൻ ആഗ്രഹിക്കുന്നെങ്കിൽ, അവർ തങ്ങളെ പരിപൂർണ്ണ മുഅ്മിൻ ആക്കേണ്ടിവരും. അപ്പോഴെ ഈ കാഴ്ച കാണാൻ കഴിയൂ. ഫിർഔന്മാരുടെമേൽ വിജയം വരിക്കാൻ, തങ്ങളുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കേണ്ടിവരും. എവിടെയൊക്കെയാണ് കുറവുകൾ ഉള്ളതെന്ന് നോക്കേണ്ടിവരും. ഇപ്പോൾ കാണുന്നത്, കാല

ത്തിന്റെ മസീഹിനെ നിഷേധിക്കുന്നതാണ്. മൂസായോടൊപ്പം തങ്ങളെ ചേർത്തുനിർത്തുന്നില്ലെങ്കിൽ, ഫിർഔന്മാരുടെമേൽ വിജയമുണ്ടാകുകയില്ല. ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ സഹായത്തിന്റേയും തുണയുടേയും ചവിട്ടുപടി നബി(സ)യുടെ ജീവിതത്തിൽ, അവിടത്തെ വ്യക്തിത്വത്തിൽ നമുക്കു കാണാൻ കഴിയുന്നു. അതിന്റെ ഒരുപാട് സംഭവങ്ങൾ ഉണ്ട്. ഹിജ്റത്തുമായി ബന്ധപ്പെട്ട ഒരു സംഭവം പറയാം.

ആ സംഭവം കാണുമ്പോൾ നാം ആശ്ചര്യപ്പെട്ടുപോകുന്നു. വിശുദ്ധഖുർആൻ ആ സംഭവം ഇങ്ങനെ വിവരിക്കുന്നു.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ اللَّهُ إِذْ أَخْرَجَهُ الَّذِينَ كَفَرُوا
ثَانِيَ اثْنَيْنِ إِذْ هُمَا فِي الْغَارِ إِذْ يَقُولُ لِصَاحِبِهِ
لَا تَحْزَنْ إِنَّ اللَّهَ مَعَنَا ۖ فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ
وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ الَّذِينَ
كَفَرُوا السُّفْلَىٰ ۗ وَكَلِمَةُ اللَّهِ هِيَ الْعُلْيَا ۗ وَاللَّهُ عَزِيزٌ
حَكِيمٌ ﴿٤٠﴾

നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ, തീർച്ചയായും അവിശ്വസിച്ചവർ അദ്ദേഹത്തെ ബഹിഷ്കരിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം രണ്ടിൽ ഒരാളായിരുന്നപ്പോൾ. അവർ രണ്ടുപേരും ആ ഗുഹയിലായിരുന്നപ്പോൾ, "നീ ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മോടൊപ്പമുണ്ട്" എന്ന് അദ്ദേഹം തന്റെ കൂട്ടുകാരനോട് പറയുകയായിരുന്നപ്പോൾ. ആ സന്ദർഭത്തിൽ അല്ലാഹു തന്റെ പക്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുത്തു. നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ട് അവൻ അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും അവിശ്വസിച്ചവരുടെ വചനത്തെ ഏറ്റവും താഴ്ന്നതാക്കുകയും ചെയ്തു. അല്ലാഹുവിന്റെ വചനം തന്നെയാണ് ഏറ്റവും ഉയർന്നുനില്ക്കുന്നത്. അല്ലാഹു പ്രതാപവാനും അഗാധജ്ഞനുമാകുന്നു. (*9:40*)

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു: "ശത്രുക്കൾ ഗുഹാമുഖത്തുണ്ട്. അവർ വിവിധതരത്തിലുള്ള അഭിപ്രായങ്ങൾ പറയുകയാണ്. ചിലർ പറയുന്നത് ഈ ഗുഹ പരിശോധിക്കുക എന്നാണ്. കാരണം കാല്പാടുകൾ ഇവിടെ വന്ന് അവസാനിക്കുന്നു. എന്നാൽ, ഇതിലൂടെ മനുഷ്യൻ എങ്ങനെ അകത്ത് കടക്കാനാണെന്നാണ് ചിലർ ചോദിക്കുന്നത്. എട്ടുകാലി വല കെട്ടിയിരിക്കുന്നു. പ്രാവ് മുട്ടയിട്ടിരിക്കുന്നു. ഇത്തരം സംസാരങ്ങൾ അകത്ത് കേൾക്കുന്നുണ്ട്. നബി(സ) തിരുമേനി വ്യക്തമായും അതു കേട്ടുകൊണ്ടിരുന്നു. ശത്രു കൺമുമ്പിൽ വന്നിരിക്കുന്നു, അവർ കൊല്ലാൻ ആഗ്രഹിക്കുന്നു. ഭ്രാന്തന്മാരെപ്പോലെ മുന്നോട്ടായുന്നു. പക്ഷേ, നബി(സ)യുടെ തികവുറ്റ ധൈര്യം നോക്കുക. ശത്രു തലയ്ക്കുമീതെ നില്ക്കുമ്പോഴും അവിടന്ന് തന്റെ കൂടെയുള്ള സത്യസന്ധനായ ശിഷ്യനോടു പറയുന്നു: വിഷമിക്കേണ്ട, അല്ലാഹു നമ്മോടൊപ്പം ഉണ്ട്. ഈ വാക്കുകൾ വ്യക്തമായും പറഞ്ഞതാണ്. (അതായത്, ഉറക്കെ പറഞ്ഞതായിരിക്കും. അത് സൂചനകൊണ്ട് പറയാൻ പറ്റില്ല.) തുടർന്ന് പറഞ്ഞു: പുറത്ത് ശത്രുക്കൾ പരസ്പരം അഭിപ്രായം പറയുമ്പോൾ അകത്ത് ഗുരുവും ശിഷ്യനും സംസാരത്തിൽ മുഴുകിയിരിക്കുകയാണ്. ശത്രുക്കൾ ശബ്ദം കേൾക്കുമെന്നത് അവർ ഗൗനിക്കുന്നതേയില്ല. ഇത് അല്ലാഹുവിലുള്ള പരിപൂർണ്ണമായ വിശ്വാസവും ഈശ്വരജ്ഞാനത്തിനുള്ള തെളിവുമാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിലുള്ള തികഞ്ഞവിശ്വാസമാണ്."

അല്ലാഹു ബദ്ർ യുദ്ധാവസരത്തിൽ നബി(സ)യുടെ പ്രാർത്ഥന സ്വീകരിക്കുകയും സഹായിക്കുകയും ചെയ്തതെങ്ങനെയാണ്. വളരെ കുറഞ്ഞ മുസ്ലിംകൾ മുഖേന- അവരുടെ കൈയിൽ പറയത്തക്ക ഒരായുധവും ഉണ്ടായിരുന്നില്ല- യുദ്ധനൈപുണ്യമുള്ളവരും, ആയുധപരിശീലനം ലഭിച്ചവരുമായ സത്യനിഷേധികളെ പരാജയപ്പെടുത്തി. അല്ലാഹു പറയുന്നു.

وَلَقَدْ نَصَرَكُمُ اللَّهُ بِبَدْرٍ وَأَنتُمْ أَذِلَّةٌ ۖ فَاتَّقُوا
اللَّهَ لَعَلَّكُمْ تَشْكُرُونَ ﴿١٢٤﴾

നിങ്ങൾ ബലഹീനരായിരിക്കെ ബദ്റിൽ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക; നിങ്ങൾ നന്ദിയുള്ളവരാകുന്നതിനുവേണ്ടി. (*3:124*)

ഈ സംഭവത്തെ തന്റെ കാലവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ആ സമയത്തും അല്ലാഹു ബദ്റിൽ സഹായിച്ചിരുന്നു. ബലഹീനരായവരെ സഹായിച്ചതായിരുന്നു അത്. 313 പേർമാത്രമേ യുദ്ധമൈതാനത്തുണ്ടായിരുന്നുള്ളൂ. ആകെ അവരുടെ കൈയിലുണ്ടായിരുന്നത് 2, 3 തടികൊണ്ടുള്ള വാളായിരുന്നു. ഈ 313 പേരിൽ

അധികവും ചെറിയ കുട്ടികളായിരുന്നു. അതിനേക്കാൾ വലിയ ബലഹീനാവസ്ഥ മറ്റെന്താണ്? എതിർപക്ഷത്താണെങ്കിൽ ശക്തമായ സൈന്യം. അവരെല്ലാവരും യുദ്ധനൈപുണ്യമുള്ളവരും യുവാക്കളുമായിരുന്നു. നബി (സ)ന്റെ പക്കൽ ബാഹ്യമായ ആയുധങ്ങളൊന്നും ഉണ്ടായിരുന്നില്ല ആ സമയത്ത് നിന്നിടത്തുനിന്ന് നബി(സ) തിരുമേനി ദുആ ചെയ്തു.

***അല്ലാഹുമ്മ, ഇൻ അഹ്‌ലക്‌ത ഹാദിഹിൽ ഇസ്വാബത്ത ലൻതൗബത്ത ഫിൽഅർളി അബ്ദാ***

അല്ലാഹുവേ, ഇന്ന് നീ ഈ ജമാഅത്തിനെ നശിപ്പിക്കുകയാണെങ്കിൽ, പിന്നെ നിന്നെ ആരാധിക്കുന്നവരായി ആരും ഉണ്ടാകുകയില്ല.

മസീഹ് മൗഊദ്(അ) പറയുന്നു: കേട്ടുകൊള്ളുക, ഞാനും നിങ്ങളോടു അതുതന്നെയാണ് പറയുന്നത്. ഇന്നുമുള്ളത് ആ ബദ്റിന്റെ കാര്യം തന്നെയാണ്. അല്ലാഹുതആല അതുപോലൊരു ജമാഅത്ത് തയ്യാറാക്കി എടുക്കുകയാണ്. ബദ്ർ എന്നും അദില്ലത്തുൻ എന്നുമുള്ള പദങ്ങൾ ഇന്നും നിലവിലുണ്ട്. ഇസ്‌ലാമിന്റെമേൽ ബലഹീനത വന്നു എന്നത് കളവാണോ? ബാഹ്യമായ ഭരണത്തിലും ശക്തിയില്ലാതായിരിക്കുന്നു. ഒരു യൂറോപ്യൻ ഭരണകൂടം മുഖം കാണിച്ചാൽ തിരിഞ്ഞോടുന്നു. തലയുയർത്തി നില്ക്കാനുള്ള ധൈര്യമെവിടെ? ഈ രാജ്യത്തിന്റെ അവസ്ഥയെന്താണ്. (ഇന്ത്യയെക്കുറിച്ചാണ് അവിടന്ന് പറയുന്നത്) ഇവിടെ കാണുന്നത് ബലഹീനതയല്ലേ? ഹിന്ദുക്കളും തങ്ങളുടെ ശക്തിയിൽ മുസ്‌ലിംകളെക്കാൾ ഉയർന്നു നില്ക്കുന്നു. തരംതാണ പണികളെല്ലാം ഇവരെടുക്കുന്നു. ഭിക്ഷ യാചിച്ച് നടക്കുന്നവരെ നോക്കിയാൽ അധികവും മുസ്‌ലിംകളെ കാണാം. ജയിലിൽച്ചെന്ന് നോക്കിയാൽ കുറ്റവാളികളിൽ അധികവും മുസ്‌ലിംകളായിരിക്കും. മദ്യശാലയിൽച്ചെന്നാൽ അവിടെയും അധികവും മുസ്‌ലിംകളാണ്. എന്നിട്ടും പറയുന്നത് ബലഹീനരായിട്ടില്ലെന്നാണോ? കോടിക്കണക്കിന് വൃത്തികെട്ട ഗ്രന്ഥങ്ങൾ ഇസ്‌ലാമിന്നെതിരിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. നമ്മുടെ ജനതയിൽ മുഗൾ, സയ്യിദ്, ശരീഫ് എന്ന് പറയപ്പെടുന്നവർ ക്രിസ്തുമതം സ്വീകരിക്കുകയും ആ നാവ്കൊണ്ട് നിരപരാധികളുടെ നേതാവും നബിമാരിൽ ശ്രേഷ്ഠനുമായ നബി (സ)യെ ചീത്തപറയാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു. സഫ്ദർ അലിയും, ഇമാമുദ്ദീനുമെല്ലാം ആരായിരുന്നു? ഉമ്മഹാത്തുൽ മുഅ്മിനീൻ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആരാണ്?'' (ഇതായിരുന്നു അന്നത്തെ അവസ്ഥ. ഇന്നും നിങ്ങൾ നോക്കുക.)

പറയുന്നു: ''അതിനെ തുടർന്ന് ഒരുപാട് കോലാഹലങ്ങൾ ഉണ്ടായി. പക്ഷേ അവസാനം ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.'' (ഇപ്പോൾ ഈ അടുത്തകാലത്ത് ഒരു ബഹളമുണ്ടാക്കിയിട്ട് എന്തു നേട്ടമാണുണ്ടായത്? എല്ലാവരും അതു മറന്നുകഴിഞ്ഞു. ഇടയ്ക്കിടെ ഇസ്‌ലാമിനും നബി (സ)യ്ക്കുമെതിരെ ആക്ഷേപം ഉണ്ടായിക്കൊണ്ടിരിക്കുന്നു) വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നിട്ടും പറയുന്നത് ബലഹീനത ഉണ്ടായിട്ടില്ലെന്നാണോ? ഇനി ഇസ്‌ലാമിന്റെ പേരുപോലും ബാക്കിയാകാതിരിക്കുമ്പോഴാണോ അത് ബലഹീനമായിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നത്. ഇസ്‌ലാമിന് സംഭവിച്ചിരിക്കുന്ന ഈ അവസ്ഥ നിങ്ങളെ എങ്ങനെയാണ് ഞാൻ കാണിക്കേണ്ടത്. ഞാൻ വീണ്ടും തുറന്നുപറയുകയാണ്. ഇത് ബദ്റിന്റെ കാലഘട്ടമാണ്. ഇസ്‌ലാമിന്റെമേൽ ബലഹീനത വന്നുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഇപ്പോൾ അല്ലാഹു അതിനെ സഹായിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുകയാണ്. ***ഇസ്‌ലാമിനെ തെളിവുകൾകൊണ്ടും പ്രമാണങ്ങൾകൊണ്ടും എല്ലാ മതങ്ങളുടെയും ജാതികളുടെയുംമേൽ വിജയിപ്പിച്ചുകാണിക്കുന്നതിനുവേണ്ടി അവൻ എന്നെ അയച്ചിരിക്കുന്നു.*** അല്ലാഹു തന്റെ പ്രതാപം ഈ അനുഗൃഹീത കാലഘട്ടത്തിൽ പ്രകടമാകണമെന്ന് ആഗ്രഹിച്ചിരിക്കുകയാണ്. അതിനെ തടയാൻ ആർക്കും സാധ്യമല്ല."

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിന്റെ പ്രതാപം സ്ഥാപിതമാകേണ്ടതുതന്നെയാണ്. അത് അഹ്മദിയ്യത്തു മുഖേനയാണ് സ്ഥാപിതമാകേണ്ടത്. എതിരാളികളെല്ലാം ഇസ്‌ലാമിന്നെതിരിൽ പൂർണ്ണമായും ശക്തിചെലുത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

വീണ്ടും അവിടന്ന് പറയുന്നു: "ഈ വചനത്തിൽ ഒരു പ്രവചനമുണ്ട്. പതിനാലാം നൂറ്റാണ്ടിൽ ഇസ്‌ലാം ക്ഷയിക്കുമ്പോൾ, അല്ലാഹു ഈ വാഗ്ദാനമനുസരിച്ച് അതിനെ സഹായിക്കുന്നതാണ്. അല്ലാഹു സഹായിക്കുന്നതു കാണുമ്പോൾ നിങ്ങൾ എന്തിനാണ് അത്ഭുതപ്പെടുന്നത്.'' അതായത്, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവ് കണ്ടിട്ട് പരിഭ്രമിക്കേണ്ട, അത്ഭുതപ്പെടേണ്ട. ഇത് അല്ലാഹുവിന്റെ വാഗ്ദാനമായിരുന്നു. മുസ്‌ലിംകൾ അദ്ദേഹത്തിനോടൊപ്പം നിന്ന് സഹായിക്കേണ്ടതാണ്.

അതുകൊണ്ട് ഓരോ അഹ്മദിയും ഈ സന്ദേശം ശക്തമായനിലയിൽ ലോകത്തിന് എത്തിച്ചുകൊടുക്കേണ്ടതാണ്. പ്രത്യേകിച്ച് ഇസ്‌ലാമികലോകത്ത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) വരച്ചുകാ

ണിച്ചിരിക്കുന്ന ആ അവസ്ഥ തന്നെയാണ് നാം കണ്ടു കൊണ്ടിരിക്കുന്നത്. ഓരോ ഭാഗത്തുനിന്നും വിവിധ രീതിയിൽ കളവിനെ ആശ്രയിച്ചും ശക്തി ഉപയോഗിച്ചും മുസ്‌ലിംകളെ നിന്ദിതരും അപമാനിതരുമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ നിബന്ധനകൾക്ക് വിധേയരായി എന്ത് ഉടമ്പടിയും ചെയ്യാനുള്ള ശ്രമവും നടന്നുവരുന്നു. ഈ കാലം വിളിച്ചോതുന്നത് അല്ലാഹുവിന്റെ സഹായം വരണമെന്നാണ്. അത് അവന്റെ സുന്നത്തനുസരിച്ച് അവന്റെ പ്രത്യേക ദാസന്മാർ വരുമ്പോഴാണ് വരുന്നത്. ഇന്നാണെങ്കിൽ അല്ലാഹുതന്നെ നിയോഗിച്ചിരിക്കുന്നു എന്ന വാദവും നിലവിലുണ്ട്. മുസ്‌ലിംകളും ഇതിനെക്കുറിച്ച് ചിന്തിക്കണം. മുസ്‌ലിംരാഷ്ട്രങ്ങൾ മുഹമ്മദിമസീഹിന്നെതിരിൽ എഴുന്നേറ്റുനിന്നുകൊണ്ട്, അദ്ദേഹത്തെയും വിശ്വസിച്ചവരേയും പീഡിപ്പിക്കുന്നതിനു പകരം അദ്ദേഹത്തിന്റെ കരങ്ങൾക്ക് ശക്തിപകരേണ്ടതാണ്. അങ്ങനെ ഇസ്‌ലാമിന് വിജയമുണ്ടാകട്ടെ.

അല്ലാഹു എല്ലാവർക്കും ബുദ്ധി നല്കുമാറാകട്ടെ. മുസ്‌ലിംഉമ്മത്ത് വീണ്ടും അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ സഹായം കരസ്ഥമാക്കുന്നവരായിത്തീരട്ടെ. ആ സഹായം അല്ലാഹു വിശുദ്ധഖുർആനിൽ ഇങ്ങനെ വരച്ചുകാണിച്ചിരിക്കുന്നു. പറയുന്നു:

وَاذْكُرُوْٓا اِذْ اَنْتُمْ قَلِيْلٌ مُّسْتَضْعَفُوْنَ فِي الْاَرْضِ
تَخَافُوْنَ اَنْ يَّتَخَطَّفَكُمُ النَّاسُ فَاٰوٰىكُمْ وَاَيَّدَكُمْ
بِنَصْرِهٖ وَرَزَقَكُمْ مِّنَ الطَّيِّبٰتِ لَعَلَّكُمْ تَشْكُرُوْنَ ۝

ഓർമ്മിക്കുക, നിങ്ങൾ കുറഞ്ഞവരും നാട്ടിൽ ബലഹീനരായി ഗണിക്കപ്പെട്ടവരുമായിരുന്നു. ജനങ്ങൾ നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുന്നതിനെ നിങ്ങൾ ഭയപ്പെട്ടിരുന്നു. അപ്പോൾ അവൻ നിങ്ങൾക്ക് അഭയം നല്കുകയും തന്റെ സഹായംകൊണ്ട് അവൻ നിങ്ങളെ ബലപ്പെടുത്തുകയും നല്ല വിഭവങ്ങളിൽ നിന്ന് നിങ്ങൾക്ക് ആഹാരം നല്കുകയും ചെയ്തു. നിങ്ങൾ നന്ദി കാണിക്കുവാൻ വേണ്ടി. (*8:27*)

ഈ നന്ദികാണിക്കുന്ന അവസ്ഥ ഉണ്ടാകുന്നതും ഈ അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നതും, ആദ്യം വന്നവരുമായി കൂടിച്ചേരാൻ സാധിക്കുന്നതും ഈ കാഴ്ചകൾ കാണാൻ കഴിയുന്നതുമെല്ലാം അല്ലാഹുവിന്റെ സഹായം വരുമ്പോഴാണ്. മുഹമ്മദീമസീഹിന്റെ കൈകൾക്ക് ശക്തിപകരുമ്പോഴാണ് അല്ലാഹുവിന്റെ സഹായം ദർശിക്കാൻ കഴിയുന്നത് .

അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധിയും മനസ്സിലാക്കാനുള്ള കഴിവും നല്കുമാറാകട്ടെ. നമുക്കും നമ്മുടെ ഉത്തരവാദിത്തം നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ സഹായത്തിന്റെ കാഴ്ചകൾ നാം എപ്പോഴും ഓരോ നിമിഷവും കണ്ടുകൊണ്ടേപോകുന്നതിനുവേണ്ടി ഓരോ അഹ്മദിക്കും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു സൗഭാഗ്യം നല്കുമാറാകട്ടെ.

ഈ വിഷയം തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

രണ്ടാമത്തെ ഖുത്ബയുടെ ഇടയിൽ ഹുസൂർ പറഞ്ഞു: നാളെ ഇൻശാഅല്ലാഹ് ഞാൻ യൂറോപ്യൻ പര്യടനത്തിനായി പുറപ്പെടുകയാണ്. ഇജ്തിമാഉം ജൽസയും രണ്ടുമൂന്ന് രാജ്യങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ജർമ്മനി, ഹോളണ്ട്, ബൽജിയം തുടങ്ങിയ സ്ഥലങ്ങളിൽ. അല്ലാഹു അവന്റെ സഹായവും തുണയും തന്നുകൊണ്ടിരിക്കുമാറാകട്ടെ. എല്ലാ രീതിയിലും ഈ യാത്ര അനുഗൃഹീതമായിത്തീരട്ടെ. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ പോകുന്നത് അല്ലാഹു എപ്പോഴും അവന്റെ സഹായം കാണിച്ചുതരുമാറാകട്ടെ. ആമീൻ

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 2.6.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org